പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2167 — 10-10-2011-ൽ മറുപടിയ്ക്ക്

## സാമ്പത്തികാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ

| ചോദ്യം : ശ്രീ.തോമസ് ചാണ്ടി | ഉത്തരം: പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) കുട്ടനാട് താലൂക്കിലെ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിലായി സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച ഫയൽ നമ്പരും സമർപ്പിച്ച തീയതിയും സ്വീകരിച്ച നടപടികളും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) ഈ വിഷയം സംബന്ധിച്ച് ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) കൈകാര്യം ചെയ്യുന്ന ഫയൽ നമ്പർ ഡബ്ളിയു1/25051/2011 ആണ്. ഈ ലിസ്റ്റിൽ നിന്നും പ്രവൃത്തികളുടെ ആവശ്യകതയനുസരിച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി തരുന്നതിന് വേണ്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സൂപ്രണ്ടിങ്ങ് എഞ്ചിനീയർ , കുട്ടനാട് വികസന സർക്കിൾ ചെങ്ങന്നൂരിന് 04-10-2011-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) കുട്ടനാട് വികസന പദ്ധതി (കെ.ഡി.സ്കീം) യിൽ ഉൾപ്പെട്ടിട്ടും സാമ്പത്തികാനുമതി ലഭ്യമാകാത്ത പ്രവൃത്തികളിന്മേൽ അടിയന്തിരമായി പൂർത്തീകരിക്കേണ്ടവ വിശദീകരിച്ച് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) കുട്ടനാട് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്ന നിർമ്മാണ പ്രവൃത്തികളുടെ മുൻഗണനാ പട്ടിക ചീഫ് എഞ്ചിനീയർക്ക് അപേക്ഷയായി സമർപ്പിച്ചതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) ഇതു സംബന്ധിച്ച് പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ